യൂണിറ്റും, കേരള ടൂറിസം മാനേജേഴ്സ് അസോസിയേഷനും പരാതികൾ നൽകിയിട്ടുണ്ട് പരാതികൾ അന്വേഷിച്ചുവരുന്നു.

(എഫ്) രണ്ടു സംഭവങ്ങളിലും കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

69 (1429) മലപ്പുറം ജില്ലയിലെ നൈറ്റ് പട്രോളിംഗ് സംമ്പ്രദായം

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി, അരീക്കോട്, കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ അതിർത്തികൾക്കുള്ളിൽ നൈറ്റ് പട്രോളിംഗ് സംവിധാനം നിലവിലുണ്ടോ;

(ബി) പട്രോളിംഗ് ഡ്യൂട്ടിക്കാർക്ക് പട്ടാബുക്ക് സമ്പ്രദായം നിലവിലുണ്ടോ;

(സി) ഈ ബുക്കുകൾ മേലുദ്യോഗസ്ഥൻമാർ പരിശോധിക്കാറുണ്ടോ;

(ഡി) മഞ്ചേരി നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് ഈ സംവിധാനം നിലവിലുള്ളത്;

(ഇ) പട്രോളിംഗ് സംവിധാനം ഇവിടെ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്;

(എഫ്) നിർത്തലാക്കിയിട്ടില്ലെങ്കിൽ കൂടുതൽ കാര്യക്ഷമതയോടെ ഇതിന്റെ പ്രവർത്തനം തുടരുവാൻ നടപടി കൈകൊള്ളുമോ?

ഉത്തരം

(എ),(ബി)&(സി) ഉണ്ട്.

(ഡി) മഞ്ചേരി നിയോജകമണ്ഡലത്തിൽ മഞ്ചേരി, അരീക്കോട്, വാഴക്കാട്, കൊണ്ടോട്ടി എന്നീ പോലീസ് സ്റ്റേഷനുകളിൽ നൈറ്റ് പട്രോളിംഗ് സംവിധാനം നിലവിലുണ്ട്;

(ഇ)&(എഫ്) പട്രോളിംഗ് സംവിധാനം ഈ സ്ഥലങ്ങളിൽ നിർത്തലാക്കിയിട്ടില്ലാത്തതും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതുമാണ്.

70 (1430) സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ആരോഗ്യവകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ. കെ.ജി. സോമശേഖരൻ നായർ തന്റെ ജീവന് ഭീഷണിയുണ്ടെന്നും ആയതിനാൽ മതിയായ സംരക്ഷണം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിനു നിവേദനം നൽകിയിട്ടുണ്ടോ;

(ബി) ഇതേ തുടർന്ന് ശ്രീ. സോമശേഖരൻ നായർ അവധിയിലാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly